പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 625 — 13.6.2012 ൽ മറുപടിക്ക്

## ജീവൻരക്ഷാ ഔഷധങ്ങളുടെ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ജീവൻരക്ഷാ ഔഷധങ്ങളുടെ വില കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളിൽ ഇതുവരെയുണ്ടായ പുരോഗതി വിശദമാക്കുമോ ; | (എ) 750 ഓളം മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് വിതരണം ചെയ്യുന്നത്. കൂടാതെ കമ്പനികളിൽ നിന്നും മരുന്നുകൾ നേരിട്ട് വാങ്ങി കുറഞ്ഞ വിലയ്ക്ക് മാവേലി, നീതി, പേയിങ് കൗണ്ടറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾക്കുള്ള മരുന്നുകളും ചില ആന്റിബയോട്ടിക്കുകളും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന കുറഞ്ഞ വിലയ്ക്ക് കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) വില കുറയ്ക്കുന്നതിന് സർക്കാർ വരുത്തുന്ന ശ്രമങ്ങൾക്കെതിരെ ഈ രംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്ന് എന്തെങ്കിലും എതിർപ്പ് ഉണ്ടാകുന്നുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ; | (ബി) വില കുറയ്ക്കുന്നതിന് സർക്കാർ വരുത്തുന്ന ശ്രമങ്ങൾക്കെതിരെ എതിർപ്പുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ജീവൻരക്ഷാ മരുന്നുകൾക്ക് സബ്സിഡി നൽകി വിതരണം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ? | (സി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായും നീതി, മാവേലി, പേയിങ് കൗണ്ടർ, കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി എന്നിവ മുഖേന കുറഞ്ഞ വിലയ്ക്കുമാണ് ഇപ്പോൾ വിതരണം ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ